## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2243** **18-03-2015-ലെ മറുപടിയ്ക്ക്**

## ലോട്ടറി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. കെ. ഗുരുദാസൻ**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** സംസ്ഥാനത്തെ ലോട്ടറി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 2014 മെയ് 27-ന് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | **എ)** 27-05-2014-ന് ബഹു. ധനകാര്യമന്ത്രി ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പ്രഖ്യാപിച്ച തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1). സമ്മാനങ്ങളുടെ എണ്ണംവർദ്ധിപ്പിക്കുകയും, സമ്മാനഘടന പുനഃക്രമീകരിക്കുകയും ചെയ്യുന്നതാണ്.<br><br>2). തിരുവോണം ഒഴികെയുള്ള ബമ്പർ ഭാഗ്യക്കുറികളുടെ വില 100/- രൂപയായി കുറയ്ക്കും.<br><br>3). പ്രതിദിന ലോട്ടറികളുടെ മുഖവില കുറയ്ക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കും.<br><br>4). ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടക്കുന്ന ദിവസം പ്രതിദിന നറുക്കെടുപ്പ് ഒഴിവാക്കണമെന്ന ആവശ്യം പരിഗണിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവോണം ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടക്കുന്ന ദിവസം പ്രതിദിന ലോട്ടറി നറുക്കെടുപ്പ് ഒഴിവാക്കാനാകുമോ എന്ന വിഷയം പരിശോധിക്കും. |

| | |
|---|---|
| **ബി)** ഇത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | **ബി)** 1). പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2). തിരുവോണം ബമ്പർ ഒഴികെ മറ്റു ബമ്പർ ഭാഗ്യക്കുറികളുടെ മുഖവില 100/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>3). ലോട്ടറിയിൽ നിന്നുള്ള റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് നാല് പ്രതിവാര ഭാഗ്യക്കുറികളുടെ വില 20/- രൂപയിൽ നിന്ന് 30/- രൂപയാക്കി വർദ്ധിപ്പിച്ചത്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള അറ്റാദായം ചികിത്സാ ധനസഹായം നൽകുന്നതിന് അപര്യാപ്തമായ സാഹചര്യത്തിലാണ് പ്രതീക്ഷ ഭാഗ്യക്കുറി കാരുണ്യ പ്ലസ് എന്ന പേരിൽ 50/- രൂപ മുഖവില യോടുകൂടി നടപ്പിൽ വരുത്തിയത്. ആയതിനാൽ ലോട്ടറിയുടെ വില കുറയ്ക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല<br><br>4). ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടക്കുന്ന ദിവസം പ്രതിദിന നറുക്കെടുപ്പ് ഒഴിവാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| **സി)** ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാത്തതിനെ കുറിച്ച് പരാതിപ്പെട്ട് ലോട്ടറി സംരക്ഷണ സമിതി വീണ്ടും നിവേദനം നൽകിയിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | **സി)** ഉണ്ട്. പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്ക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**